"ഭരണഭാഷ മാതൃഭാഷ"

ICDS/B3-6255/2020(2)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 19.10.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വികസന വകുപ്പ് - SNP QPR റിപ്പോർട്ട് ലഭ്യമാക്കുന്നത് - കൃത്യത പാലിക്കുന്നത് - നിർദ്ദേശം - സംബന്ധിച്ച്

സൂചന:

അനുപൂരക പോഷകാഹാര പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് ഓരോ പ്രോജക്റ്റിനും ഫണ്ട് അനുവദിക്കുന്നത്, പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്ന ക്വാർട്ടർലി പ്രോഗ്രസ്സ് റിപ്പോർട്ടിലെ (QPR) ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. വകുപ്പിന് കീഴിലെ 258 പ്രോജക്ടുകളിലെ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, SUW എന്നീ വിഭാഗങ്ങളിലെ ഗുണഭോക്താക്കളെ ജനറൽ, എസ്.സി., എസ്.ടി. കാറ്റഗറി തിരിച്ച് ഓരോ ശീർഷകങ്ങളിലും പ്രത്യേകമായിട്ടാണ് തുക അനുവദിക്കുന്നത്. ഇത്തരത്തിൽ ഫണ്ട് കൃത്യതയോടെ കൈമാറുന്നത് ശ്രമകരമായ പ്രക്രിയയാണ്. എന്നാൽ പല ജില്ലകൾ/ പ്രോജക്ടുകളിൽ നിന്നും രേഖകൾ കൈമാറുന്നതിന് കാലതാമസം നേരിടുന്നതായും, ഗുണഭോക്താക്കളുടെ എണ്ണം തെറ്റായി രേഖപ്പെടുത്തി ലഭ്യമാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ഗുണഭോക്താക്കളുടെ എണ്ണം തെറ്റായി ലഭ്യമാക്കുന്നത് വഴി യഥാസമയം ഫണ്ട് കൈമാറാൻ കഴിയാതെ വരികയും അപ്രകാരം ഭേദഗതി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതായും വരുന്നതിനാൽ അർഹതയുള്ളവർക്ക് യഥാസമയം ഫണ്ട് ലഭ്യമാക്കുവാൻ കഴിയാതെ വരുന്നു. ക്വാർട്ടർലി റിപ്പോർട്ടിൽ മൂന്ന് മാസത്തെ ആവറേജ് ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തണമെന്ന

നിർദ്ദേശം കൃത്യമായി പരിശോധിക്കാതെ 3 ഇരട്ടിയായി ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ 3 ഇരട്ടി ഫണ്ട് അനുവദിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ആയതിനാൽ സിഡിപിഒമാരിൽ നിന്നും ലഭിക്കുന്ന QPR ലെ ഗുണഭോക്താക്കളുടെ എണ്ണം, 3 മാസത്തെ ശരാശരി ഗുണഭോക്താക്കളാണെന്ന് ഉത്തമ ബോധ്യത്താൽ മാത്രമേ ഇതിന്മേൽ SNP QPR അയയ്ക്കുവാൻ പാടുള്ളൂ. തെറ്റായ വിവരം അയയ്ക്കുകയും, അതിനെ തുടർന്ന് ആവശ്യത്തിലധികം ഫണ്ട് അനുവദിച്ച് ലഭ്യമാകുന്ന സാഹചര്യമുണ്ടാകുന്നപക്ഷം തെറ്റായ വിവരം അയയ്ക്കുന്ന ബന്ധപ്പെട്ട ഓഫീസ് ജീവനക്കാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതും ആയതിന് ബാധ്യത നിശ്ചയിക്കുന്നതുമാണ്.

വനിത ശിശു വികസന ഡയറക്ടർ

**പകർപ്പ്:**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സിഡിപിഒമാർക്കും